*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

178th Issue - Volume 5, No. 12 **ജാഗ്രത** 2nd April 2011

"ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരനും."

(ലൂക്കാ 8,21)



St. Francis of Paola

## പ്രധാന വാർത്തകൾ

പുത്തൻ സംസ്കാരത്തിന്റെ സുനാമികൾ കുടുംബങ്ങളെ തകർക്കുന്നു: മാർ റാഫേൽ തട്ടിൽ

---

നിലപാടിൽ മാറ്റം വരുത്തേണ്ട സാഹചര്യമില്ലെന്ന് മാർ ആൻഡ്രൂസ് താഴത്ത്

---

അധ്യാപനം വലിയ പ്രേക്ഷിതപ്രവർത്തനം: മാർ ജോർജ് പുന്നക്കോട്ടിൽ

---

മതവിശ്വാസികൾക്കും വിഭാഗീയ തീവ്രവാദികൾക്കും സഹകരിച്ചു പ്രവർത്തിക്കാനാവുമോ?

---

കാലുകൊണ്ടു വിമാനം പറത്തിയ കൈകളില്ലാത്ത ആദ്യ വനിത മാർപ്പാപ്പയെ സന്ദർശിച്ചു.

---

നിരീശ്വരവാദികളും ഈശ്വര വിശ്വാസികൾക്കും ദൈവത്തെക്കുറിച്ചു ചർച്ച ചെയ്യാൻ പാരീസിൽ "വിജാതിയരുടെ അങ്കണം"

---

മദ്ധ്യപ്രദേശിലെ ജാഡുവായിൽ കുരിശിന്റെ വഴിയിൽ സ്ഥാപിക്കാനുള്ള രൂപങ്ങൾ തകർത്തു.

---

ഇസ്ലാമികരാജ്യങ്ങളിൽ ക്രൈസ്തവർക്ക് തുല്യാവകാശമുണ്ടെങ്കിലേ അവിടെ ജനാധിപത്യം ഉണ്ടെന്നു പറയാനാകു

---

### വാരാന്ത്യവീക്ഷണം


മതവിരുദ്ധത രാഷ്ട്രീയമായി അടിച്ചേല്പിക്കുമ്പോൾ

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil


## പുത്തൻ സംസ്കാരത്തിന്റെ സുനാമികൾ കുടുംബങ്ങളെ തകർക്കുന്നു: മാർ റാഫേൽ തട്ടിൽ



ഭൗതിക സുനാമികൾ ലോകത്താകമാനം കടുത്തനാശം വാരിവിതറുന്ന കാലഘട്ടത്തിൽ വികലമായ പുത്തൻ സംസ്കാരങ്ങളുടെ സുനാമികൾ ജീവിത മൂല്യങ്ങളുടെ അടിവേരുകൾ പറിച്ചെറിഞ്ഞ് കുടുംബബന്ധങ്ങളെ തകരാറിലാക്കുന്നതാണ് കൂടുതൽ അപകടകരമെന്ന് തൃശൂർ രൂപത സഹായ മെത്രാൻ മാർ റാഫേൽതട്ടിൽ. കോതമംഗലം രൂപത ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന കുടുംബശാക്തീകരണ വർഷാചരണ സമാപ നാഘോഷത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്.

കുടുംബത്തെ രൂപാന്തരപ്പെടുത്തിയത് ദൈവമാണെന്നും നല്ല കുടുംബങ്ങൾ നിലനിന്നിടത്ത് മാത്രമാണ് ശാന്തിയും സമാധാനവും പുരോഗതിയും കളിയാടിയിട്ടുള്ളതുമെന്ന ചരിത്രസത്യങ്ങൾ വിസ്മരിച്ച് മുന്നേറിയതാണ് ആധുനിക ലോകം നേരിടുന്ന ദുര്യോഗങ്ങൾക്ക് കാരണം. സർവ വിനാശകാരിയായ ഉപഭോഗ സംസ്കാരത്തിന്റെ വേലിയേറ്റത്തെ തടയേണ്ടതുണ്ട്. കുട്ടികളുടെ എണ്ണം കുറയ്ക്കുക, പ്രായമായവരെ ഉപയോഗശൂന്യമായി കരുതി ഒഴിവാക്കുക, ഭൗതികതയുടെ പിന്നാലെ പായുക തുടങ്ങിയ പ്രവണതകൾ സമൂഹത്തെ ദുഷിപ്പിച്ചു എന്ന് മാത്രമല്ല സർവനാശത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. രോഗങ്ങൾ തിരിച്ചറിയാതെയുള്ള ചികിത്സയുമായി മുന്നേറുകയാണ് ആധുനിക മനുഷ്യനെന്നും ബിഷപ് കൂട്ടിച്ചേർത്തു

## നിലപാടിൽ മാറ്റം വരുത്തേണ്ട സാഹചര്യമില്ലെന്ന് മാർ ആൻഡ്രൂസ് താഴത്ത്



സഭയുടെ നിലപാടിൽമാറ്റം വരുത്തേണ്ട സാഹചര്യമില്ലെന്നു കെസിബിസിചെയർമാനും ആർച്ച് ബിഷപ്പു മായ മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. സഭയുടെ നിലപാട് തെരഞ്ഞെടുപ്പിനു മുമ്പുതന്നെ, പറയേണ്ട സമയത്തു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ വീണ്ടും വ്യക്തമാക്കേണ്ട കാര്യമില്ലെന്ന് ആർച്ച്ബിഷപ് പറഞ്ഞു.


## അധ്യാപനം വലിയ പ്രേക്ഷിതപ്രവർത്തനം: മാർ ജോർജ് പുന്നക്കോട്ടിൽ



അധ്യാപനം വലിയൊരു പ്രേക്ഷിത പ്രവർത്തനമാണെന്ന് ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. കോത മംഗലം രൂപത കോർപറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ അധ്യാ പകരുടെ സംഗമത്തിൽ പ്രസംഗി ക്കുകയായിരുന്നു ബിഷപ്. ഏതൊരു പരിഷ്കൃത സമൂഹത്തിനും സ്വീകാര്യമായ രീതിയിൽ മൂല്യങ്ങൾക്ക് വിലകൊടുത്ത് പ്രവർത്തിക്കുന്നവരാകണം അധ്യാപകർ. സമൂഹത്തിൽ മാതൃക കാണിക്കേണ്ടവരാണ് ഇവരെന്നും ബിഷപ് കൂട്ടിച്ചേർത്തു.

## മത വിശ്വാസികൾക്കും വിഭാഗീയ തീവ്രവാദികൾക്കും സഹകരിച്ചു പ്രവർത്തിക്കാനാവുമോ? ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)



താത്വികമായി മതവിശ്വാസവും വൈരുധ്യാത്മക ഭൗതികവാദവുമായി പൊരുത്തപ്പെടില്ല. പരസ്പരവിരുദ്ധമായ ജീവിതദർശനങ്ങളാണു നമുക്കിവിടെ കാണാൻ കഴിയുക. ആശയങ്ങളെയും ചിന്തങ്ങളെയും ഈ തലത്തിൽ എതിർക്കാൻ എല്ലാവർക്കും അവകാശവും ചുമതലയുമുണ്ട്. സത്യം അന്വേഷിക്കാനും സത്യത്തിനു വിരുദ്ധമായവയെ നിഷേധിക്കാനും മനുഷ്യനു ചുമതലയുണ്ട്. പരസ്പരവിരുദ്ധങ്ങളായവയിൽ സഹകരിക്കണമെന്നു പറയുന്നതിൽ അർഥമില്ല. ആത്മാർഥതയുള്ളവർക്ക് ഇവ രണ്ടും ഒന്നിച്ച് ഉൾക്കൊള്ളാനാവില്ല.

മാർക്സിസം ഈ വൈരുധ്യാത്മക ഭൗതികവാദത്തെ ഒരു സിദ്ധാന്തമായി സൂക്ഷിക്കണമെന്നല്ല കരുതുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു സമൂഹത്തെ വാർത്തെടുക്കാനാണു മാർക്സിസ്റ്റ് സിദ്ധാന്തക്കാർ ശ്രമിക്കുന്നത്. വർഗീയവാദികളുടെ മനോഭാവവും ഇതുതന്നെയാണ്. ഒരു പ്രത്യേക വിഭാഗത്തിന്റെ സമൂഹത്തിലെ സർവാധിപത്യമാണ് അവർ ഇരുകൂട്ടരുടെയും ലക്ഷ്യം. അക്രമമാർഗത്തിലൂടെ ആണെങ്കിൽപ്പോലും ഭരണാധികാരം മുഴുവൻ കൈക്കലാക്കി സമൂഹത്തെ മുഴുവൻ അവരുടെ ഭാവനയ്ക്കനുസരിച്ച് പുനർനിർമിക്കാനാണ് അവർ ആഗ്രഹിക്കുക. അതു മതവിശ്വാസത്തിനും ജനാധിപത്യത്തിനും നിരക്കാത്ത നിലപാടാണ്. ഇതിനോട് ഒരുതരത്തിലും യോജിക്കാനാവില്ല. ഇത്തരം നീക്കങ്ങളെ ശക്തമായി ചെറുക്കുകതന്നെ വേണം.

മതസ്വാതന്ത്ര്യം നിഷേധിക്കുന്ന സർവാധിപത്യമാണു വർഗീയവാദികളും ഉന്നം വയ്ക്കുന്നത്. അങ്ങനെയൊരു നിലപാടിനോടു ജനാധിപത്യ വിശ്വാസികൾക്ക് ഒരിക്കലും യോജിക്കാൻ കഴിയില്ല. ശരിയായ മതദർശനങ്ങൾ മനഃസാക്ഷി സ്വാതന്ത്ര്യം അംഗീകരിക്കുന്നു. ഓരോ മനുഷ്യനും അവൻ കണ്ടെത്തുന്ന സത്യത്തിനനുസരിച്ചു ജീവിക്കാനുള്ള സ്വാതന്ത്ര്യമാണ് ആവശ്യം. മറ്റൊരു വിശ്വാസം കെട്ടിയേൽപ്പിക്കണം, അല്ലെങ്കിൽ ഒരു രാജ്യത്ത് ഒരു മതമേ പാടുള്ളൂ എന്നും മറ്റും പറയുന്നതു കാലഹരണപ്പെട്ട ചിന്തകളാണ്. അവയോടു സഹകരിക്കുകയല്ല, പാടേ തള്ളിക്കളയുകയാണു വേണ്ടത്. അവരെ ഭരണത്തിലേറ്റാനായി മതവിശ്വാസികൾക്ക് എങ്ങനെയാണു കഴിയുക?

ഈ രണ്ടു വിഭാഗീയ സിദ്ധാന്തങ്ങളുമായും, ഭരണം കിട്ടിയാൽ അവരുടെ സിദ്ധാന്തം അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തിലേർപ്പെടുകയും സർവാധിപത്യത്തിനു കളമൊരുക്കുകയും ചെയ്യുന്ന അവരുടെ പ്രവർത്തനശൈലിയുമായും എങ്ങനെ ജനാധിപത്യവാദികൾക്കു സഹകരിക്കാനാവും? അതുപോലെതന്നെ വിദ്യാലയങ്ങളും സാംസ്കാരികകേന്ദ്രങ്ങളും അധീനതയിലാക്കാനാണ് അവർ ശ്രമിക്കുക. അങ്ങനെ ആളുകളുടെ മസ്തിഷ്ക പ്രക്ഷാളനം നടത്തി അവരെ വരുതിയിലാക്കുന്ന പരിശ്രമമായിരുന്നല്ലോ റഷ്യയിലും മറ്റും നടന്നത്. മതവിശ്വസത്തിൽനിന്നു വിശ്വാസികളെയും പുത്തൻ തലമുറകളെയും അകറ്റാനുള്ള കുതന്ത്രത്തോടു സഹകരിക്കണമെന്നു സിദ്ധാന്തവാദികൾക്കു പറയാനാകുമോ?

ഇതിനിടയ്ക്ക് അടവുനയങ്ങൾ സ്വീകരിച്ചു വിശ്വാസികളെ മയക്കിനിർത്താമെന്ന ഉപദേശം സിദ്ധാന്ത ആചാര്യന്മാർ തന്നെ നൽകിയിട്ടുണ്ട്. അതു പ്രതീക്ഷിക്കാവുന്നതുമാണ്. ലക്ഷ്യം മാർഗത്തെ സാധൂകരിക്കുമെന്നു ചിന്തിക്കുന്നവർക്ക് ഏതുപായവും സ്വീകരിക്കാമല്ലോ? തെരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽ മതവും സിദ്ധാന്തങ്ങളും സഹകരിച്ചു പോകണമെന്നെല്ലാം പറയുന്നതിന്റെ പൊരുളറിയുന്നതു നല്ലതാണ്. തെരഞ്ഞെടുപ്പും മറ്റും വരുമ്പോൾ ഇങ്ങനയെല്ലാം പറയേണ്ടതു സിദ്ധാന്തവാദികളുടെ ആവശ്യമാണ്. പക്ഷേ, അറിഞ്ഞുകൊണ്ടു ചതിക്കുഴിയിൽ വീഴരുതല്ലോ

**കാലുകൊണ്ടു വിമാനം പറത്തിയ കൈകളില്ലാത്ത ആദ്യ വനിത മാർപ്പാപ്പയെ സന്ദർശിച്ചു.**

---

കാലുകൊണ്ടു വിമാനം പറത്തിയ ആദ്യ വനിത ജസ്സിക്ക കോക്സ് മാർപ്പാപ്പയെ സന്ദർശിച്ച് ആദരവുകൾ അർപ്പിച്ചു. രണ്ടു കൈകളുമില്ലാത്ത ജസ്സിക്ക അമേരിക്കയിലെ അരിസോണ നിവാസിയാണ്. മാർച്ച് 23-ാം തിയതി അവർ ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പയെ ഗിന്നസ് വേൾഡ് റെക്കോർഡ് മെഡലുമായാണ് സന്ദർശിച്ചത്. ജീവന്റെ മൂല്യം എല്ലായിടത്തും എല്ലായിപ്പോഴും എല്ലാ അവസ്ഥയിലും ഉയർത്തിപ്പിടിക്കുന്നതിന് സാക്ഷ്യം വഹിക്കുക തന്റെ ദൗത്യമായി ജസ്സിക്ക കോക്സ് ഉയർത്തിക്കാട്ടുന്നുവെന്ന് വത്തിക്കാന്റെ ഔദ്യോഗിക പത്രമായ ഒസ്സർവത്തോരോ റൊമാനോ റിപ്പോർട്ടു ചെയ്യുന്നു.

കൈകളില്ലാതെ 1983 ൽ ജനിച്ച ജസ്സിക്ക പാടുന്നതിലും നൃത്തം വക്കുന്നതിലും പിയാനോ വായിക്കുന്നതിലും പ്രാവീണ്യം നേടിയിരുന്നു. മനശാസ്ത്രത്തിൽ ബിരുദം നേടിയ അവർ കൈകളില്ലെങ്കിലും സ്വന്തമായി പാചകവും ഡ്രൈവിങ്ങും നടത്തുന്നതിൽ മികവു പുലർത്തുന്നുണ്ട്. മൂല്യങ്ങളിൽ ഉറച്ചു നില്ക്കാതെ നിരാശയിലേക്ക് വീഴുന്ന യുവജനങ്ങൾക്ക് തന്റെ ജീവിതം പ്രചോതനമാകുമെന്ന് ജസ്സിക്ക കോക്സ് പ്രത്യാശ പ്രകടിപ്പിച്ചു.

**നിരീശ്വരവാദികളും ഈശ്വര വിശ്വാസികൾക്കും ദൈവത്തെക്കുറിച്ചു ചർച്ച ചെയ്യാൻ പാരീസിൽ "വിജാതിയരുടെ അങ്കണം"**

---

നിരീശ്വരവാദികളും ഈശ്വര വിശ്വാസികളും തമ്മിൽ ആദ്യമായി നടക്കുന്ന സംവാദങ്ങൾ കൂടുതൽ സാഹോദര്യം വളർത്തുമെന്ന് പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പ പ്രത്യാശ പ്രകടിപ്പിച്ചു. ആധുനിക കാലത്തെ വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള ചർച്ചക്കായി വിജാതിയരുടെ അങ്കണം (Court-yard of Gentiles) ത്തിന് ആരംഭം കുറിച്ചു കൊണ്ട് പ്രസംഗിക്കുകയായിരുന്നു ബനഡിക്റ്റ് 16-ാ മൻ മാർപ്പാപ്പ.

വത്തിക്കാന്റെ ഈ രീതിയിലുള്ള ആദ്യസംരംഭം മാർച്ച് 24-25 തീയതികളിൽ പാരീസിൽ നടന്നു. സംസ്കാരത്തിനായുള്ള വത്തിക്കാൻ കാര്യാലയമാണ് ചർച്ചകൾക്കു നേതൃത്വം നൽകുന്നത്.

**മദ്ധ്യപ്രദേശിലെ ജാബുവായിൽ കുരിശിന്റെ വഴിയിൽ സ്ഥാപിക്കാനുള്ള രൂപങ്ങൾ തകർത്തു.**

---

ഹിന്ദു തീവ്രവാദികൾ, കുരിശിന്റെ വഴിയിൽ സ്ഥാപിക്കാനുള്ള രൂപങ്ങൾ കൊണ്ടുവരികയായിരുന്ന ലോറി തടഞ്ഞു നിർത്തി അക്രമിക്കുകയും രൂപങ്ങൾ തകർക്കുകയും ചെയ്തു.കൽക്കട്ടയിൽ നിന്നും ജാബുവാ രൂപതയിൽപ്പെട്ട ജപാദ്ര ഇടവകപ്പള്ളിയിൽ സ്ഥാപിക്കാൻ കൊണ്ടു വരുകയായിരുന്നു രൂപങ്ങൾ. ഡ്രൈവർക്കും സഹായികൾക്കും അക്രമത്തിൽ പരുക്കില്ല. ന്യൂനപക്ഷ ക്രൈസ്തവ സമൂഹത്തെ ഭയപ്പെടുത്താനും ഭീഷണിപ്പെടുത്താനും ഉള്ള നീക്കമായിട്ടാണ് ഈ അക്രമത്തെ കാണാൻ കഴിയുന്നതെന്ന് ജാബുവായിലെ ബിഷപ് ദേവപ്രസാദ് ജോൺ ഗണവാ പറഞ്ഞു.

**ഇസ്ലാമികരാജ്യങ്ങളിൽ ക്രൈസ്തവർക്ക് തുല്യാവകാശമുണ്ടെങ്കിലേ അവിടെ ജനാധിപത്യം ഉണ്ടെന്നു പറയാനാകു**

---

ക്രൈസ്തവർക്ക് ഇസ്ലാമിക രാജ്യങ്ങളിൽ മറ്റുള്ളവരേപ്പോലെ തുല്യാവകാശമുണ്ടെങ്കിലേ അവിടെ ജനാധിപത്യമുണ്ടെന്നു പറയാൻ കഴിയൂ എന്ന് ഇറാഖിലെ കിർക്കുക്ക് അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ് ലൂയിസ് സാക്കോ പ്രസ്താവിച്ചു.

ദൗർഭാഗ്യമെന്നുപറയട്ടെ, ഇസ്ലാമിക രാജ്യങ്ങളിൽ ജനാധിപത്യം ഉണ്ടെന്ന് അവകാശപ്പെടുമെങ്കിലും അവിടെയെല്ലാം ക്രൈസ്തവരെ രണ്ടാം തരം പൗരന്മാരായാണ് കണക്കാക്കുന്നത്. ശക്തമായ വിവേചനവും അവിടെ

പുലരുന്നു. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെല്ലാം ഈ വിവേചനം കാണാം. ഒരുമിച്ചിരുന്നു ചർച്ച ചെയ്ത് മതവിശ്വാസത്തിലും സംസ്കാരത്തിലും അഭിപ്രായങ്ങളിലുമുള്ള വൈവിധ്യം അംഗീകരിക്കാനും ആദരിക്കാനും കഴിയുന്ന രീതി ഇസ്ലാമിക രാജ്യങ്ങളിൽ വളർന്നു വന്നാലെ ഇന്നത്തെ പ്രശ്നത്തിനു പരിഹാരമാകു അദ്ദേഹം വ്യക്തമാക്കി..

### പാക്കിസ്ഥാനിൽ രണ്ടു ക്രൈസ്തവരെ തീവ്രവാദികൾ വധിച്ചു.

പാക്കിസ്ഥാനിലെ ഹൈദ്രാബാദിൽ രണ്ടു ക്രൈസ്തവരെ ഇസ്ലാമിക തീവ്രവാദികൾ ക്രൂരമായി വധിച്ചു. ദൈവാലയങ്ങളും തീവ്രവാദികൾ നശിപ്പിക്കയുണ്ടായി. മറ്റുഅതിക്രമങ്ങളും ഹൈദ്രാബാദിൽ നടമാടി.അമേരിക്കയിൽ ഖുറാൻ കത്തിച്ച പെന്റക്കൊസ്റ്റൽ നേതാവായ ജോൺസനെ വധശിക്ഷക്കു വിധിക്കുന്നില്ലങ്കിൽ കൂടുതൽ അതിക്രമങ്ങൾക്കു സാക്ഷിയാകേണ്ടി വരുമെന്ന് തീവ്രവാദികൾ ഭീഷണിപ്പെടുത്തി. ബൈബിളിന്റെ കോപ്പികളും അവർ കത്തിച്ചു. മാർച്ച് 25 നാണ് പെന്തക്കൊസ്തൽ സമൂഹാംഗങ്ങളായ രണ്ടു പേരേ ഇസ്ലാമിക തീവ്രവാദികൾ അവരുടെ ആരാധനാ

## വാരാന്ത്യവീക്ഷണം

### മതവിരുദ്ധത രാഷ്ട്രീയമായി അടിച്ചേല്പിക്കുമ്പോൾ

വിദ്യാഭ്യാസ മന്ത്രി അന്ധവിദ്യാലത്തിൽ നടത്തിയ "ദൈവം ഉണ്ടായിരുന്നെങ്കിൽ ഈ കുട്ടികൾ അന്ധരായി ജനിക്കയില്ലായിരുന്നു"വെന്ന പരാമർശം മതവിരുദ്ധതയുടെ പ്രചരണമായിരുന്നു. "കോടതിവിധിയുമായിട്ടു സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാം എന്നു കരുതുന്നവർ ഇവിടെത്തന്നെയാണ് സ്ഥാപനങ്ങൾ നടത്തേണ്ടതെന്നോർക്കണം" എന്നും അദ്ദേഹം ഭീഷണിപ്പെടുത്തിയതും ഓർക്കുന്നു ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപം നല്കിയ ക്രൈസ്തവ സഭകളുടെ ദൈവാലയങ്ങളും മറ്റും ട്രസ്റ്റിന്റെ കീഴിലാക്കി സർക്കാർ നിയന്ത്രണത്തിലാക്കാനുള്ള ശ്രമവും ദയാവധം നിയമ വിധേയമാക്കാനുള്ള ശ്രമവുമെല്ലാം യഥാർത്ഥത്തിൽ മതവിശ്വാസങ്ങളിലേക്കുള്ള കടന്നുകയറ്റവും മതപീഡനവുമാണ്.

നിരന്തരമായി ക്രൈസ്തവ സമൂഹത്തെ ആക്ഷേപിച്ചതും മേലദ്ധ്യക്ഷന്മാരെ അപമാനിച്ചതും മതവിരുദ്ധതയുടെ മറ്റൊരു രൂപമായിരുന്നു. സർക്കാരുമായി കരാർ ഒപ്പിട്ടവരേക്കാൾ കുറഞ്ഞ ഫീസ് ഈടാക്കുന്ന മെരിറ്റനുസരിച്ചു മാത്രം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന, ക്രൈസ്തവ സ്ഥാപനങ്ങളെ വിദ്യാഭ്യാസ കച്ചവടക്കാർ എന്ന് അധിക്ഷേപിക്കുന്നതും, 'രൂപതാ' 'അതിരൂപതാ' എന്നീ പ്രയോഗങ്ങളും, 'നികൃഷ്ടജീവി' പ്രയോഗവും എല്ലാം അതിന്റെ ഭാഗമായിരുന്നല്ലോ. "മതമില്ലാത്ത ജീവനും", അദ്ധ്യാപകപരിശീലനത്തിനു നല്കിയ ബിഷപ്പ് പാവപ്പെട്ട കുട്ടിയുടെ ആടിനെ തട്ടിയെടുത്തു കൊന്നുതിന്നുന്ന ചിത്രവും ഈ ഒരു നിലപാടിന്റെ ഭാഗം തന്നെ. ന്യൂനപക്ഷാവകാശങ്ങളെ പിന്നോക്കക്കാർക്കു നല്കുന്ന സംവരണത്തിനു സമാനമായി ചിത്രീകരിച്ച് ക്രൈസ്തവർക്ക് വിദ്യാഭ്യാസ അവകാശം വിപരീത വിവേചനമാണെന്ന വിഡ്ഢിത്തം വിദ്യാഭ്യാസമന്ത്രിയും അദ്ദേഹത്തിന്റെ കൂട്ടുകാരൻ ഉന്നത വിദ്യാഭ്യാസ സമിതി തലവൻ ഡോ. കെ.എൻ. പണിക്കരും പ്രഘോഷിച്ചു നടന്നതും മതവിരുദ്ധതയുടെ ഭാഗം തന്നെ. ക്രൈസ്തവ വിശ്വാസികൾ ന്യൂനപക്ഷാവകാശം അനുസരിച്ച് കഴിയുന്നത്ര തങ്ങളുടെ കുട്ടികളെ ക്രൈസ്തവ വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്നു പറഞ്ഞതിനെ ഇവർ വിവാദമാക്കിയതും ഈ മതവിരുദ്ധത വെളിവാക്കിയ സംഭവമായിരുന്നു. കൂടാതെ മതത്തെ വർഗ്ഗീയതയായി ചിത്രീകരിക്കാൻ ഇവരും ആസ്ഥാനബുദ്ധിജീവികളും നിരന്തരം ശ്രമിക്കന്നതും മറക്കാവുന്നതല്ല.

ഈശ്വര വിശ്വാസത്തെ എതിർക്കുന്ന, മതവിശ്വാസം ഇല്ലായ്മ ചെയ്യാൻ താത്വികമായും പ്രയോഗത്തിലൂടെയും ശ്രമിക്കുന്ന, വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ അടിയുറച്ച, അംഗങ്ങൾ ദൈവവിശ്വാസം വെടിയേണ്ട, ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ പോലും അനുവദിക്കാത്ത, അധികാരത്തിലിരിക്കുമ്പോൾ രാഷ്ട്രീയമായി മതത്തെ നിരന്തരം പീഡിപ്പിക്കുന്നവർ തങ്ങളെത്തന്നെ മതേതര പാർട്ടിയെന്നു വിശേഷിപ്പിക്കുന്നതാണ് ഇന്ന് ഏറ്റവും വൈരുദ്ധ്യം നിറഞ്ഞവാദമെന്ന് സമൂഹം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. ഈശ്വരവിശ്വാസത്തെയും മതത്തെയും അശയപരമായി ഏതിർക്കുന്നവരെ, നിരീശ്വരവാദികളെ, ആശയപരമായി മതവിശ്വാസികൾ നേരിടുന്നുണ്ട്. എന്നാൽ മതവിശ്വാസത്തെ രാഷ്ട്രീയമായ അധികാരത്തിലൂടെ തകർക്കാൻ ശ്രമിക്കുന്നവരെ തീർച്ചയായും ആശയപരമായും ജനാധിപത്യപരമായും നേരിടേണ്ടിവരുന്നു.

JAGRATHA News

private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA